

THURSDAY 01/05/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/05/2025

1. മുവാറ്റുപുഴ കാർഷികോത്സവ് മെയ് രണ്ടുമുതൽ 12 വരെ ഇ ഇ സി മാർക്കറ്റിൽ നടത്തുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റ് കെ ജി രാധാകൃഷ്ണൻ അറിയിച്ചു. ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന മേളയാണ് മൂവാറ്റുപുഴ പട്ടണത്തിൽ റോഡ് നിർമാണം നടക്കുന്നതിനാൽ ഗതാഗതനിയന്ത്രണംമൂലം മാറ്റിവച്ചത്. കാർഷികോത്സവിൻ്റെ മുൻകൂർ ടിക്കറ്റുകൾ 30 വരെ വിതരണം ചെയ്യും.

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആറാം ഘട്ട പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ, സംസ്ഥാനത്തുടനീളം 2025 മെയ് 2 മുതൽ മെയ് 23 വരെ, 18 പ്രവൃത്തി ദിവസങ്ങളിലായി നടപ്പിലാക്കുകയാണ്. ക്യാമ്പെയിൻ കാലയളവായ 18 പ്രവൃത്തി ദിവസത്തിനുള്ളിൽ നൂറു ശതമാനം ഉരുക്കളേയും (eligible population) പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മണിമുതൽ 4 മണിവരെ സങ്കരയിനം (T X D) തെങ്ങിൻ തൈകൾ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്നു. ആവശ്യക്കാർ റേഷൻ കാർഡിന്റെ കോപ്പി സഹിതം കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. തെങ്ങിൻ തൈ ഒന്നിന് 325/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 04672260632, 8547891632.

4. കേരള കാർഷിക സർവകലാശാല പടന്നക്കാട് കാർഷിക കോളേജിൽ മലബാർ മാംഗോ ഫെസ്റ്റ് 2025 മെയ് മാസം ഒന്നു മുതൽ നാലു വരെ സംഘടിപ്പിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതോടനുബന്ധിച്ച് കാർഷിക പ്രദർശന വിപണനമേള, കാർഷിക സെമിനാറുകൾ, മാംഗോ ഫെസ്റ്റ്, ഫുഡ് കോർട്ട് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

5. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും ഇതോടൊപ്പം .25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും . പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കൂടുതൽ .കിട്ടുന്നത് വിവരങ്ങൾക്ക്സുധീർ .പി.കെ .ഡോ :, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9778436265.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോഓപ്പറേഷൻ-, ബാങ്കിങ് & മാനേജ്മെൻ്റിൽ നടത്തിവരുന്ന എം.എ).ബി. (എ പ്രോഗ്രാമിലേക്ക് (എം.ബി.2025-26 അധ്യയന വർഷത്തെ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സമയ പരിധി 31.05.2025 തീയ്യതി വരെ ദീർഘിപ്പിച്ചിരിയ്ക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും www.admissions.kau.in. എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

7. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാമിൽ **'തളിർ'** എന്ന വേനലവധിക്കാല കാർഷിക പ്രായോഗിക പ്രവർത്തി പരിചയ പരിശീലന പരിപാടി **മെയ് 5 മുതൽ 9 വരെ** സംഘടിപ്പിയ്ക്കുന്നു. കൂൺകൃഷി, നെൽകൃഷി, പച്ചക്കറികളുടെവിളവെടുപ്പ്, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ഫലവൃക്ഷങ്ങളുടെ കായിക പ്രജനന രീതികളായ ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, അലങ്കാര സസ്യങ്ങളുടെ പുനരുൽപ്പാദനരീതികൾ എന്നിവ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. **5 മുതൽ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**9ാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ്** അവസരം. രജിസ്ട്രേഷൻ ഫീസ് **1,000/-** മാത്രം. ഈ പരിപാടിയിലേയ്ക്ക് പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **9847465089, 7907803288** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം**

നെല്ലിൽ തണ്ടുതുരപ്പനേയും ഇലചുരുട്ടി പുഴുവിനേയും നിയന്ത്രിക്കാൻ ട്രൈക്കോകാർഡുകൾ 2 സിസി ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. കാർഡുകൾ കീറി ഒരു ഭാഗം 5 സെന്റിന് എന്ന തോതിൽ മഴ നനയാതെ പാടത്തു ഉറപ്പിക്കേണ്ടതാണ്.

തെങ്ങിൻ തടങ്ങൾ ഉഴുതിടുന്നതാണ് അഭികാമ്യം. ഇങ്ങനെ ചെയ്യുന്നത് വായൂ സമ്പർഗം കൂട്ടാനും ഈർപ്പം നിലനിർത്താനും സഹായിക്കും. ഇടവിളയായി വാഴ ചേമ്പ് മുതലായ വിളകൾ കൃഷി ചെയ്യാവുന്നതാണ്.

നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക . ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം.

പടവലത്തിൽ കൂനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്പോൾ 185 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.